©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2026 ജൂലൈ 29
29th July 2026
1201 കർക്കടകം 13
13th Karkadakam 1201
1948 ശ്രാവണം 7
7th Sravana 1948

നമ്പർ
No.
2174

ഫോറം നമ്പർ 7

(ചട്ടം 18(1) കാണുക)

വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

നമ്പർ:DCEKM/5321/2024-C7 തീയതി: 23 ജൂലൈ 2026

14-01-2025 ലെ സർക്കാർ ഉത്തരവ് നമ്പർ 68/2015/PWD പൊതുമരാമത്ത് അനുമതിയും സ.ഉ (സാധ) നമ്പർ. 2086/RD 08-09-2025 തീയതിയിലെ റവന്യൂ വകുപ്പിൽ നിന്നുള്ള അനുമതിയും പ്രകാരമുള്ള വിജ്ഞാപനങ്ങൾ പ്രകാരം എറണാകുളം ജില്ലാകളക്ടറുടെ 17-09-2025 -)o തീയതിയിലെ DCEKM/5321/2025-C7 നടപടിക്രമ പ്രകാരം 2013- ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/13) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ സ്പെഷ്യൽ തഹസിൽദാർ (എൽ എ) കെ.ഐ.എ നെടുമ്പാശ്ശേരിയെ നിയമിച്ചിരിക്കുന്നതിനാലും.

ഈ പൊന്നും വില നടപടിയുടെ പുനരധിവാസത്തിനുള്ള അഡ്മിനിസ്ട്രേറ്റർ ആയി എറണാകുളം കളക്ടറേറ്റ് എൽ.എ. ഡെപ്യൂട്ടി കളക്ടറെ സർക്കാർ നിയമിച്ചിരിക്കുന്നതിനാലും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് മാഞ്ഞാലിതോടിന് കുറുകെ മേക്കാടിനെയും പറമ്പുശ്ശേരിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ആലുങ്കൽ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി അധികമായി ആവശ്യമുണ്ടായേക്കുമെന്ന് കേരള സർക്കാർ ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും.

ഇപ്പോൾ തൻമൂലം, അതുമായി ബന്ധപ്പെട്ട എല്ലാവർക്കും 2013 – ലെ ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11–)0 വകുപ്പ് (1) –)0 ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലയ്ക്ക് എടുക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയ്യതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയ്യതിയോ ഏതാണോ അവസാനം വരുന്നത് ആ തീയ്യതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താപന പൊന്നുംവില ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ എൽ.എ നമ്പർ.3, കെ.ഐ.എ, നെടുമ്പാശ്ശേരി മുൻപാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, സ്ഥലത്തിലുള്ള താൽപര്യം സംശയലേശമെന്യേ വിശദീകരിക്കാത്തതുമായ ആക്ഷേപങ്ങളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

പട്ടിക

ജില്ല: എറണാകുളം താലൂക്ക്: ആലുവ
വില്ലേജ്: നെടുമ്പാശ്ശേരി ബ്ലോക്ക്: 10

ക്രമ നമ്പർ	സർവ്വെ നമ്പർ	ഇനം	വിസ്തീർണ്ണം	പൊതു ആവശ്യത്തിന്റെ സ്വഭാവം	ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള കാരണം	ഉടമസ്ഥൻ
1	126/9	പുരയിടം	0.4047 ആർ	ആലുങ്കൽകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണം	പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ടി ഭൂമിയിൽ താമസവീട് ഇല്ലാത്തതിനാൽ ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ടതില്ല.	ടി.പി. ന മ്പർ. 10910 മേയ്ക്കാട് കരയിൽ അമ്പാട്ട് വീട്ടിൽ രാമകുറുപ്പ് മകൾ സിന്ധു, മാതാവ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

						സരോജിനി യമ്മ

<u>സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്ത രൂപം</u>

സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് (ഒട്ടോണമസ്) കളമശ്ശേരി എറണാകുളം തയ്യാറാക്കി നൽകിയ സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് ശ്രീമതി. ഡോ: ഷീന രാജൻ ഫിലിപ്പ് (സാമൂഹ്യ ശാസ്ത്രജ്ഞൻ) ചെയർപേഴ്സൺ ആയിട്ടുള്ള വിദഗ്ദ്ധസമിതി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട് പരിശോധിച്ചതിൽ നിർദ്ദിഷ്ട പദ്ധതി RFCT LAAR ആക്ട് 2013 വകുപ്പ് 2(1) ബി (1) പ്രകാരം പൊതു ആവശ്യത്തിൽ ഉൾപ്പെടുന്നു എന്ന് യോഗം വിലയിരുത്തി. ആലുങ്കൽ കടവ് പാലത്തിന്റെ പാർശ്വ ഭാഗത്തേക്ക് പദ്ധതി നടപ്പിലാക്കുന്നതു വഴി പ്രദേശത്തെ ഗതാഗത സൌകര്യം വർദ്ധിക്കുന്നതിന് സഹായകമാകുമെന്നും സമിതി വിലയിരുത്തി. ഭൂമി ഏറ്റെടുക്കുന്നത് വഴി ഭൂമിയുടെ ഉടമയ്ക്ക് കൈവശ ഭൂമിയിൽ കുറവ് വരുന്നു എന്നത് മാത്രമാണ് പ്രത്യാഘാതമായി കാണുന്നതെന്നും എന്നാൽ ഭൂമി ഏറ്റെടുക്കൽ നിയമം നിഷ്കർഷിക്കുന്ന ന്യായമായ നഷ്ടപരിഹാരം നൽകുന്നതു വഴി പ്രത്യാഘാതം കുറയ്ക്കാൻ സാധിക്കുന്നതാണെന്നും പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളേക്കാൾ വലുതാണെന്നതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾക്ക് അംഗീകാരം നൽകേണ്ടതാണെന്നും വിദഗ്ധ സമിതി വിലയിരുത്തി. ഏറ്റെടുക്കുന്ന ഭൂമിയിൽ നിർമ്മിതികളോ മറ്റ് ചമയങ്ങളോ ഇല്ലാത്തതും കേവലം ഒരു സെന്റ് ഭൂമി (0.4047 ആർ) മാത്രമാണ് ഏറ്റെടുക്കുന്നത് എന്നതിനാലും, പദ്ധതിബാധിതർ പദ്ധതിക്ക് അനുകൂലമാണ് എന്നതിനാലും എത്രയും വേഗം തുടർനടപടികൾ സ്വീകരിച്ച് നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കണമെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ളതാണ്. പദ്ധതി ബാധിതൻ സാമൂഹിക പ്രത്യാഘാത പഠന സമയത്ത് ചൂണ്ടിക്കാട്ടിയ പ്രത്യാഘാത ലഘൂകരണ നിർദ്ദേശങ്ങളായ, ശേഷിക്കുന്ന ഭൂമിയിലേക്ക് ഉള്ള സുഗമമായ വാഹന ഗതാഗതം, ന്യായമായ നഷ്ടപരിഹാരം, ഒരേ പദ്ധതിക്ക് വേണ്ടി ഉള്ള തുടർ ഭൂമി വിട്ടുനൽക എന്ന പരിഗണന എന്നിവ പരിഗണിച്ച് കേരള സർക്കാർ റവന്യൂ വകുപ്പിന്റെ 23-09-2015 തീയ്യതിയിലെ ജി.ഒ. (എം.എസ്) 485/2015/ആർ.ഡി. പ്രകാരമുള്ള മാനദണ്ഡങ്ങൾ പരിഗണിച്ച് ഭൂവുടമയ്ക്ക് നഷ്ടപരിഹാരം നൽകാവുന്നതാണ് എന്നും 29-12-2017 തീയ്യതിയിലെ ജി.ഒ. (എം.എസ്) 485/2015/ആർ.ഡി. പ്രകാരമുള്ള മാനദണ്ഡങ്ങൾ പരിഗണിച്ച് പുനരധിവാസ പാക്കേജ് നൽകാവുന്നതും സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് പരിഗണിച്ച് സമയബന്ധിതമായി ഭൂമി ഏറ്റെടുക്കാവുന്നതാണ് എന്നും പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറവ് ഭൂമി മാത്രമാണ് ഏറ്റെടുക്കലിന് വിജ്ഞാപനം ചെയ്തിട്ടുള്ളത് എന്നും നിലവിലുള്ള പദ്ധതിക്ക് ബദൽ നിർദ്ദേശങ്ങൾ ഇല്ലായെന്നും വിദഗ്ധസമിതി വിലയിരുത്തി.

ആലുങ്കൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നത് വഴി ഉണ്ടാകുന്ന നേട്ടങ്ങൾ കോട്ടങ്ങളേക്കാൾ വലുതാണെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ ആലുവ താലൂക്ക് നെടുമ്പാശ്ശേരി വില്ലേജിൽ ബ്ലോക്ക് നമ്പർ 10 റീസർവ്വേ 126/9- ൽ 0.4047 ആർ സ്ഥലം പൊന്നുംവില നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് LARR ആക്ട് 2013 സെക്ഷൻ 8(1), (2) എന്നിവ പ്രകാരം അംഗീകാരം നൽകി 30-03-2026 തീയ്യതിയിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഡി.സി.ഇ.കെ.എം/5321/2024-സി 7 നമ്പർ നടപടിക്രമം പ്രകാരം ജില്ലാകളക്ടർ ഉത്തരവായിട്ടുള്ളതും ഈ ഉത്തരവിന്റെ പകർപ്പ് സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെയും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ, അംഗീകരിച്ച ഉത്തരവിന്റെ പകർപ്പുകൾ ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ (ernakulam.gov.in) പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ പകർപ്പുകൾ എറണാകുളം ജില്ലാ കളക്ടറേറ്റ്, സ്പെഷ്യൽ തഹസിൽദാർ എൽ.എ നമ്പർ 3, കെ.ഐ.എ, നെടുമ്പാശ്ശേരി എന്നീ ഓഫീസുകളിൽ ലഭ്യവുമാണ്.

(ഒപ്പ്)

ജില്ലാ കളക്ടർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.29 06:35:13 +05:30